**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 227** **13-10-2021 - ൽ മറുപടിയ്ക്ക്**

**ജനജാഗ്രത സമിതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ്** | | **Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വന്യമൃഗ ആക്രമണം കുറയ്ക്കുന്നതിന് വനം വകുപ്പിന്റെ നേതൃത്വത്തിൽ ജനജാഗ്രത സമിതികളിലൂടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ? | (എ) | ജനജാഗ്രതാ സമിതികളുടെ ഉത്തരവാദിത്തങ്ങളും കടമകളും താഴെ പറയുന്നു. 1.വന്യജീവി ആക്രമണം ഉണ്ടാകുന്ന മേഖലകളിൽ വനം വകുപ്പിന്റെ ജനകീയ മുഖമായി പ്രവർത്തിച്ച് ജനങ്ങളെ സഹായിക്കുക. 2. പ്രദേശത്തിന് ഏറ്റവും യോജിച്ച പ്രതിരോധ മാർഗ്ഗങ്ങളെ കുറിച്ച് വനം വകുപ്പിനെ അറിയിക്കുക. 3. അടിയന്തിര സാഹചര്യങ്ങളിലും അല്ലാത്ത പക്ഷം ചുരുങ്ങിയത് 3 മാസത്തിലൊരിക്കലെങ്കിലും യോഗം കൂടി വേണ്ട ശുപാർശകൾ വനം വകുപ്പ് ഡിവിഷണൽ ഫോറസ്റ്റ് ഓഫിസർക്ക് നൽകുക. 4.നിലവിൽ നിർമ്മിച്ചിട്ടുള്ള പ്രതിരോധ മാർഗ്ഗങ്ങളായ സൗരോർജ്ജ കമ്പിവേലി, കിടങ്ങ്, മതിൽ എന്നിവയ്ക്ക് കേട്പാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ അറിയിക്കുകയും, കമ്മറ്റി യിൽ ചർച്ച ചെയ്ത് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക. 5.വന്യജീവി ആക്രമണം ഉണ്ടാകുന്ന പക്ഷം, എത്രയും പെട്ടെന്ന് സ്ഥലത്തെത്തി വേണ്ട നടപടികൾ സ്വീകരിക്കാൻ വനം വകുപ്പിനെ സഹായിക്കുക. 6. വനാതിർത്തി പങ്കിടുന്ന മേഖലകളിൽ വന്യജീവികളെ ആകർഷിക്കാത്ത തരത്തിലുള്ള കൃഷി നടത്തുന്നതിന് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന വനം വകുപ്പിന്റെ നടപടികളിൽ പങ്കാളികളാവുക. 7.വന്യജീവികൾ കാടിനു പുറത്തേയ്ക്ക് വരുന്നത് ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശ വാസികളെ മുൻകൂട്ടി അറിയിക്കുന്നതിനുള്ള എസ്.എം.എസ്, അലർട്ട് സിസ്റ്റം ഉടങ്ങിയ സംവിധാനങ്ങളുടെ പ്രവർത്തനം കുറ്റമറ്റ രീതിയിലുള്ളതാണെന്ന് ഉറപ്പ് വരുത്തുക. |

സെക്ഷൻ ഓഫീസർ